**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5011** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിൽ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി കടുമ്പു പാറയിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായി ഭൂമി കൈമാറുകയോ രൂപരേഖ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിൽ കടുമ്പു പാറയെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ഭരണ സമിതിയുടെ യോഗതീരുമാനം അറിയിച്ചിരുന്നു. നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും, ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള നിരാക്ഷേപപത്രവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സമർപ്പിക്കേണ്ടതാണ്. ടി പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്ന ഭൂമി നിലവിൽ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതാണ്. അതിനുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ